നം.കെ.എസ്.എ.ഐ.ഡി.കെ.14/1561/2016

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ,തിയതി11.11.2016
Ph:04862227332
e-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്,
മറയൂർ ഗ്രാമ പഞ്ചായത്ത്.
(സെക്രട്ടറി മുഖേന)

സർ,

വിഷയം :- മറയൂർ ഗ്രാമ പഞ്ചായത്ത്-2015-16- സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോ ക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18,1994-ലെ കേരളാ പഞ്ചായത്തരാജ് നിയമം, വകുപ്പ്, 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമാ യിട്ടുള്ള ഓഡിറ്റ് റിപ്പോർട്ട് 1996- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഇ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പേർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും,ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.(കേരളാ പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15) .

റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബ ന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ (15)1, ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് –പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളി ലെ ചട്ടം 21(1),(2) എന്നിവ കാണുക) .

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്,
1.ഡയറക്ടർ കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്(ഉപരി പത്രം സഹിതം)
2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി ,തൊടുപുഴ.
3.കാര്യാലയ പ്രതി.

നം.കെ.എസ്.എ.ഐ.ഡി.കെ.14/1561/2016

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ. തിയതി:11.11.2016
Ph:04862227332
e-mail:doidk.ksad@kerala.gov.in

## ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രികയിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് നിയമം വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13,1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 6.7.2016 മുതൽ 31.10.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധ യിൽപ്പെടുത്തുത്തിയിട്ടുണ്ട്. ഒരു അന്വേഷണ കുറിപ്പ് നൽകിയതിന് മറുപടി ലഭിച്ചില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പേർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് . സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യതൊരു ഉത്തരവാദിത്തവുമില്ല.

### (എ). ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എസ്. മുരളീദാസ് ,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 31.10.2016 മുതൽ 7.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.കെ.വിനോദ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.ജിബി.ഇ.വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജോസഫ് ചാക്കൊ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ബെന്നി മാത്യൂ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ.

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.ഉഷ ഹെൻറി ജേസഫ് | 1.4.2015 മുതൽ 31.10.15 വരെ |
| | ഭരണ നിർവ്വഹണ സമിതി. | 1.11.2015 മുതൽ 18.11.15 വരെ |
| | ശ്രീ.ജോമോൻ തോമസ് | 19.11.2015 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | ശ്രീ.എ.പി.ഫ്രാൻസിസ് | 1.4.2015 മുതൽ 31.3.2016 വരെ |
| അസി.സെക്രട്ടറി | ശ്രീ.ജെനിമോൻ . | 1.4.2015 മുതൽ 18.8.2015 നരെ |
| | ശ്രീ.പി.ജബ് രാജ് | 19.8.2015 മുതൽ 31.3.2016 വരെ |
| അസി. എഞ്ചിനിയർ | ശ്രീ.വിനയദാസ് എൻ.എ | 1.4.2015 മുതൽ 03.01.2016 വരെ |
| | ശ്രീ.സാനുക്കുട്ടൻ.ടി.പി. | 04.01.2016 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ശോശമണി.പി.കെ | 1.4.2015 മുതൽ 31.12.2015 വരെ |
| | ശ്രീമതി.സിനു ജോൺ | 1.1.2016 മുതൽ 14.2.2016 വരെ |
| | കുമാരി.അനുപ്രിയ .എസ് | 15.2.2016 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | ഡോ.സാംമരിയ | 1.4.2015മുതൽ31.3.2016വരെ |
| വെറ്ററിനറി സർജൻ | ഡോ.ദിവ്യമോൾ തോമസ് | 1.4.2015മുതൽ31.3.2016വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | ഡോ.ശ്രീജൻ എസ്.ഡി. | 1.4.2015മുതൽ31.3.2016വരെ |
| വി.ഇ.ഒ. | ശ്രീജ.എസ്.നായർ | 1.4.2015 മുതൽ31.3.2016 വരെ |

ഉള്ളടക്കം.


| ക്രമ നം | ഖണ്ഡിക നം. | ഖണ്ഡിക | പേജ് നമ്പർ |
|---|---|---|---|
| 1 | 1-1 | ബജറ്റ്. | |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക. | |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | |
| 4 | 1-4 | സാമ്പത്തിക വിശകലനം. | |
| 5 | 1-5 | ഫണ്ട് വിനിയോഗം. | |
| 6 | 1-6 | പദ്ധതി അവലോകനം. | |
| 7 | 1-7 | തനത് വരുമാനം. | |
| 8 | 1-8 | ക്ഷേമ പദ്ധതികൾ. | |
| 9 | 1-9 | കാഷ് വെരിഫിക്കേഷൻ. | |

| | | | |
|---|---|---|---|
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം. | |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | |
| 12 | 1-12 | വാർഷിക കണക്ക് അപാകതകൾ | |
| ഭാഗം-2- വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ. | | | |
| 13 | 2-1 | വസ്തുനികുതി നിർണ്ണയം അപാകതകൾ | |
| ഭാഗം-3- ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 14 | 3-1 | വികസന ഫണ്ട് പിൻവലിച്ച് ഡിമാന്റ് ഡ്രാഫ്റ്റായി സൂക്ഷിച്ചിരിക്കുന്നു. | |
| ഭാഗം-4- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 15 | 4-1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം. | |
| 16 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ. | |
| 17 | 4-3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ. | |
| 18 | 4-4 | വായ്പ / വായ്പാ തിരിച്ചടവ്. | |
| 19 | 4-5 | സ്ഥിര നിക്ഷേപങ്ങൾ. | |
| 20 | 4-6 | ഓഡിറ്റ് റിക്കവറി. | |
| 21 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | |
| 22 | 4-8 | ഓഡിറ്റ് പ്രത്യവലോകനം. | |
| 23 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടു കൾ | |
| അനുബന്ധം | | | |
| 24 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ്. | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്.

2015-16 വർഷത്തെ ബജറ്റ് 26.3.2015 തിയതിയിലെ ഒന്നാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും, വാർഷിക ധനകാര്യ പത്രിക ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിരിക്കുന്നതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31.7.2016 | 30.8.2016 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം .1.ആയി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 3,11,79,941 |
| വരവ് | 8,01,20,674 |
| ആകെ | 11,13,00,615 |
| ചെലവ് | 10,49,15,616 |
| നീക്കിയിരിപ്പ് | 63,84,999 |

## 1-5 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫ ണ്ട് പൊതു വിഭാഗം | 4079304 | 8029626 | 1210893 | 12108930 | 0 | |
| വികസന ഫ ണ്ട് എസ്.സി.പി | 4018563 | 3733018 | 7751581 | 7751581 | 0 | |
| വികസന ഫ ണ്ട് ടി.എസ്.പി | 0 | 6255674 | 6255674 | 6255674 | 0 | |
| സംരക്ഷണ ഗ്രാന്റ് -റോഡ് | 3581864 | 3035143 | 6617007 | 6617007 | 0 | |
| സംരക്ഷണ ഗ്രാന്റ് -നോൺറോഡ് | 2151369 | 499411 | 2650780 | 2650780 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2229031 | 7576553 | 5076354 | 5076354 | 0 | |
| പെർഫോമൻസ് ഗ്രാന്റ് | 0 | 551131 | 551131 | 551131 | 0 | |
| തൊഴിലുറപ്പ് പദ്ധതി | 96353 | 41633113 | 41729466 | 41688335 | 41131 | |
| ബി.ഫണ്ട് | 0 | 3125547 | 3125547 | 3125547 | 0 | |

## 1-6 പദ്ധതി അവലോകനം.

തൻവർഷം പദ്ധതി നടത്തിപ്പിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും കാർഷികവൃത്തിയെ ആശ്രയിച്ച് ജീവിക്കുന്നവരായിട്ടും കാർഷിക മേഖലയിൽ ഒരു പദ്ധതിപോലും ആവിഷ്കരിച്ചിരുന്നില്ല. മൃഗസംരക്ഷണം, ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം എന്നീ മേഖലകളിൽ വൻ അടങ്കലുള്ള പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവെങ്കിലും ഭൂരിഭാഗവും നടപ്പാക്കിയില്ല.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പാക്കിയവ (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 201 | 7,64,44,560 | 128 | 3,96,68,196 | 4 | 69 | 64 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 25,17,420 | 3244150 | 7,26,730 | 29 |
| നികുതിയേതര വരവുകൾ | 6,77,196 | 978112 | 300916 | 44 |
| മറ്റുവരവുകൾ | 1,45,623 | 117898 | (-)27725 | (-)19 |
| അകെ | 33,40,239 | 4340160 | 999921 | 30 |

## 1-8 ക്ഷേമ പദ്ധതികൾ.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 43470 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 80250 | 23 |
| വിധവ പെൻഷൻ | 676240 | 400 |
| വാർദ്ധക്യകാല പെൻഷൻ | 2180340 | 1369 |
| വികലാംഗ പെൻഷൻ | 142720 | 93 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 1.11.2016-ൽ സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹.2,639/-യുടെ നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. നികുതി പിരിവ്, രജിസ്റ്ററുകളുടെ പരിപാലനം, പദ്ധതി നടത്തിപ്പ് എന്നിവയിൽ വീഴ്ചകളുണ്ടായിട്ടുണ്ട്. തനതു വരുമാനം വിരളമായിരുന്നിട്ടുകൂടി വസ്തുനികുതിയിനത്തിൽ ആറ് ലക്ഷത്തിലധികം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി ബാലൻസ് ഷീറ്റിൽ കാണുന്നു. ആസ്തി രജിസ്റ്റർ, ഡെപ്പോ സിറ്റ് രജിസ്റ്റർ, വസ്തുനികുതി രജിസ്റ്റർ, കംപ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ എന്നിവ യഥാവിധി പരിപാലിച്ചിട്ടില്ല.സ്ഥാപനത്തിൽ സ്ഥിര ഉപയോഗത്തിന് സൂക്ഷിച്ചിട്ടുള്ള ഫർണീച്ചർ അടക്കമുള്ള വസ്തുക്കളുടെ വിവരം രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഇല്ലാത്തതിനാൽ തന്നെ സെക്രട്ടറിമാരുടെ സ്ഥലംമാറ്റ സമയത്ത് സ്റ്റോക്ക് കൈമാറൽ

നടത്തിവരുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയതിന്റെ വിവരം | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8/2016 | 6.9.2016 മുതൽ 8.9.2016 വരെ | ലഭിച്ചില്ല |
| അക്കൌണ്ടന്റ് ജനറൽ | 14.05.2014 മുതൽ 27.05.2014 വരെ | 2013-14 വരെ | 18.8.2014 |

## 1-12 വാർഷിക കണക്ക് അപാകത.

സ്ഥാപനത്തിന്റെ വാർഷിക കണക്കിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു :-

- വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ലാത്തതിനാൽ, വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന വസ്തു നികുതി കുടിശികയുടെ കൃത്യത വ്യക്തമല്ല.
- നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
- ഇല്ല്ലാത്ത ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഗാർഹികാവശ്യത്തിന് എന്ന രീതിയിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു.

തൻവർഷത്തെ ഡി ആന്റ് ഓ ലൈസൻസ് അപേക്ഷകളിൽ ലഭ്യമായ കെട്ടിട നമ്പരുകൾ "റാൻഡം സെലക്ഷൻ" നടത്തി നികുതി നിർണ്ണയ രജിസ്റ്ററുമായി ചേർത്ത് പരിശോധിച്ചപ്പോൾ, ഗാർഹികാവശ്യത്തിന് എന്നപോലെ നികുതി നിർണ്ണയിച്ച ഏതാനും കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതായി കണ്ടെത്തി.ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | കെട്ടിട നമ്പർ | കെട്ടിട വിസ്തീർണ്ണം (ച.മീ.) | വസ്തു നികുതി നിരക്ക് (1 ച.മീ-ന്) | | അടിസ്ഥാന വസ്തു നികുതി | | കുറവ് |
|---|---|---|---|---|---|---|---|
| | | | ഈടാക്കേണ്ടത് * | ഈടാക്കിയത് | ഈടാക്കേണ്ടത് | ഈടാക്കിയത് | |
| ഗീത | 7/412 | 20 | 50 | 8 | 1000 | 160 | 840 |

| | | | | | | | |
|---|---|---|---|---|---|---|---|
| കൊളഞ്ഞെരാജ് | 6/179 | 106.6 | 50 | 8 | 5330 | 853 | 4477 |
| തോമസ് | 7/70,71 | 36 | 50 | 8 | 1800 | 288 | 1512 |
| അൻപ് ചെഴിയൻ | 9/511 | 60 | 50 | 8 | 3000 | 480 | 2520 |
| മഹേശ്വരി | 8/203 | 25 | 50 | 8 | 1250 | 200 | 1050 |
| രതീഷ് കുമാർ | 6/246 | 18 | 50 | 8 | 900 | 144 | 756 |
| ചന്ദ്രൻ | 8/216എ | 45 | 50 | 8 | 2250 | 360 | 1890 |
| രാജാ ശക്തിവേൽ | 12/211 | 52 | 50 | 8 | 2600 | 416 | 2184 |
| ജോസ് | 6/195 | 45 | 50 | 8 | 2250 | 360 | 1890 |
| | | | | | | ആകെ | 17119 |

ആകെയുള്ള 158 അപേക്ഷകളിൽ "റാൻഡം സെലക്ഷൻ" നടത്തി പരിശോധിച്ച 15എണ്ണത്തിൽ മാത്രം കണ്ടെത്തിയ വ്യത്യാസമാണ് മുകളിൽ കൊടുത്തിരിക്കുന്നത്.ആയതിനാൽ എല്ലാ അപേക്ഷകളിലെയും കെട്ടിട നമ്പർ നികുതി നിർണയ രജിസ്റ്ററുമായി ചേർത്ത് വസ്തു നികുതി നിരക്കിന്റെ നിജസ്ഥിതി പരിശോധിക്കേണ്ടതും അപ്രകാരം പരിശോധിക്കുമ്പോൾ നിരക്കിൽ കുറവുള്ളതായി കണ്ടെത്തിയാൽ ബാധകമായ നിരക്കിൽ വസ്തുനികുതി നിർണയിച്ച് (സൂചിത തുകയുൾപ്പെടെ) 12 ശതമാനം പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>വികസന ഫണ്ട് പിൻവലിച്ച് ഡിമാന്റ് ഡ്രാഫ്റ്റായി സൂക്ഷിച്ചിരിക്കുന്നു- ₹.2,70,759/-</u>

| പദ്ധതി | ചെലവ് തുക | വൌച്ചർ നമ്പർ/ഡി.ഡി. നമ്പർ |
|---|---|---|
| പദ്ധതി നം.194/16<br>ശാരീരിക വെല്ലുവിളി നേരിടുന്ന വർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ.(എസ് സിപി) | 2,37,000 | 21500993/31.3.2016<br>ഡി.ഡി.നം.962629/തി.31.3.2016 |
| പദ്ധതി നം.193/16<br>ശാരീരിക വെല്ലുവിളി നേരിടുന്ന വർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ.(ജനറൽ) | 33,759 | 21501028/തി.31.3.2016<br>ഡി.ഡി.നം.962630/തി.31.3.2016 |

| | | |
|---|---|---|
| ആകെ ചെലവ് | 2,70,759 | |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പദ്ധതി നടത്തിപ്പിനായി ₹.2,70,759/- പിൻവലിച്ച് ഡിമാന്റ് ഡ്രാഫ്റ്റായി സൂക്ഷിച്ചിരിക്കുന്നു. സ്കൂട്ടറുകൾ വിതരണം ചെയ്യുന്നതിന് കരാറുറപ്പിച്ചിട്ടുള്ള പെരിന്തൽമണ്ണയിലുള്ള, മേരാ മൊബൈക്ക് എന്ന സ്ഥാപനത്തിന്റെ പേരിലാണ് ഡിമാന്റ് ഡ്രാഫ്റ്റ് എടുത്തിട്ടുള്ളത്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സ്കൂട്ടറുകൾ വാങ്ങി വിതരണം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം പിൻവലിച്ച തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം.

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല

### 4-3 മൊബലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

### 4-4 വായ്പ / വായ്പാ തിരിച്ചടവ്.

ഇല്ല

### 4-5 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ തൻവർഷം ലഭിച്ച 1067/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2002-03 | 3-6 | ₹.1067/- | ഇ.കെ.രവി, സെക്രട്ടറി | 11505101785/തി.1.12.2015 |

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2006-07 | 2-5 | 2009-10 | 2-6 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നഷ്ടം-₹58260/- | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം.

(എ). സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ അകെ വരവ് | 8,01,20,674 |
| ഓഡിറ്റ് വർഷത്തെ അകെ ചെലവ് | 10,49,15,616 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റി ൽ അംഗീകരിക്കാത്ത ചെലവ് | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

ഇല്ല

(സി). കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടയ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി). നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

3-3

(ഇ). ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ.

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെവിവരം | റിമാർക്സ് |
|---|---|---|
| 1968-69 | എൽ എഫ് ഐ.7-12/98/20.10.1997 | |

| | | |
|---|---|---|
| 1970-71 | എൽ.എഫ്.ഐ.7-12/98/20.10.1997 | |
| 1971-72 | എൽ.എഫ്.ഐ.7-12/98/20.10.1997 | |
| 1973-74 | എൽ.എഫ്.ഐ.7-12/98/20.10.1997 | |
| 1975-76 | എൽ.എഫ്.ഐ.7-12/98/20.10.1997 | |
| 1976-77 | എൽ.എഫ്.ഐ.7-12/98/20.10.1997 | |
| 1977-78 | എൽ.എഫ്.ഐ.7-12/98/20.10.1997 | |
| 1978-79 | എൽ.എഫ്.ഐ.7-12/98/20.10.1997 | |
| 1980-81 | എൽ.എഫ്.ഐ.6-236/82/10.07.82 | |
| 1981-82 | എൽ എഫ് ഐ.6-542/8220.1.83 | |
| 1983-84 | എൽ എഫ് ഐ.6-275/84/26.9.86 | |
| 1985-86 | എൽ എഫ് ഐ.6-1/91/15.1.91 | |
| 1986-87 | എൽ എഫ് ഐ.6-1152/90/8.3.91 | |
| 1987-88 | എൽ എഫ് ഐ.6-236/92/17.6.93 | |
| 1988-89 | എൽ എഫ് ഐ.6-760/92/17.6.93 | |
| 1989-90 | എൽ എഫ് ഐ.6-760/92/17.6.93 | |
| 1990-91 | എൽ എഫ് ഐ.6-67/94/30.3.94 | |
| 1991-92 | എൽ എഫ് ഐ.6-67/94/30.3.94 | |

| | | |
|---|---|---|
| 1992-93 | എൽ എഫ് ഐ.6-94/95/20.3.95 | |
| 1993-94 | എൽ എഫ് ഐ.6-94/95/20.3.95 | |
| 1994-95 | എൽ എഫ് ഐ.7-660/97/24.2.98 | |
| 1995-96 | എൽ എഫ് ഐ.7-660/97/24.2.98 | |
| 1996-97 | എൽ എഫ് ഐ.7-660/97/24.2.98 | |
| 1997-98 | എൽ എഫ് ഐ.7-65/98/15.6.99 | |
| 1998-99 | എൽ എഫ് ഐ.7-624/00/5.3.01 | |
| 1999-00 | എൽ എഫ് ഐ.9-363/01/30.11.01 | |
| 2000-01 | എൽ എഫ് ഐ.9-691/02/17.3.02 | |
| 2001-02 | എൽ എഫ് ഐ.9-627/03/30.1.04 | |
| 2002-03 | എൽ എഫ് ഐ.9-2/05/1.3.05 | |
| 2003-04 | എൽ എഫ് ഐ.9-912/09/26.10.09 | |
| 2004-05 | എൽ എഫ് ഐ.14-1226/12/5.11.12 | |
| 2005-06 | എൽ എഫ് ഐ.14-1220/12/8.12.12 | |
| 2006-07 | എൽ എഫ് ഐ.14-357/11/1.11.11 | |
| 2007-08 | എൽ എഫ് ഐ.9-330/10/15.7.11 | |

| | | |
|---|---|---|
| 2008-09 | എൽ എഫ് ഐ.14-979/11/12.12.11 | |
| 2009-10 | എൽ എഫ് ഐ.14-720/12/12.4.13 | |
| 2010-11 | എൽ എഫ് ഐ.14-721/12/5.2.13 | |
| 2011-12 | എൽ എഫ് ഐ.14-1498/13/11.7.14 | |
| 2012-13 | എൽ എഫ് ഐ.14-336/13/27.7.15 | |
| 2013-14 | എൽ എഫ് ഐ.14-336/13/27.7.15 | |
| 2014-15 | നം.കെ.എസ്.എ/ഐ.ഡി.കെ/14/1014/2016.തിയതി.28.7.2016 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-ഐ.ഡി.കെ14/1561/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ കാര്യാലയം,തൊടുപുഴ
Phone : 04862 227332
doidk.ksad@kerala.gov.in
തീയതി :11.11.2016

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-IDK- 14/1561/2016

Kerala State Audit Department.
District Audit Office, Idukki Thodupuzha
Phone : 04862 227332
doidk.ksad@kerala.gov.in

Dated : 11.11.2016

## A U D I T C E R T I F I C A T E

Certified that I have audited the Annual Financial Statement of Marayoor Grama Panchayath in Idukki District for the year ended on 31.03.2015 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and And Auditor General of India for the purpose of audit of accounts Panchayath Raj Instituitions.

In my opinion, the Financial Statements of Marayoor Gama Panchayath for the 2015-16, except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

IDUKKI